**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3874** **27-10-2021 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി/ കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിപ്രകാരമുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ എം രാജഗോപാലൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി എന്നിവ പ്രകാരം ഏതൊക്കെ അസുഖങ്ങൾക്ക് എത്ര രൂപവരെ സഹായം ലഭ്യമാക്കുമെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം കേരളത്തിലെ അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായ വ്യത്യാസമില്ലാതെ ഓരോ വർഷവും 5 ലക്ഷം രൂപയുടെ ദ്വിതീയ തൃതീയ സൗജന്യ ചികിത്സ, ഈ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ നിന്ന് ലഭ്യമാകുന്നതാണ്. സൗജന്യ ചികിത്സ ലഭ്യമാകു ന്നത് നാഷണൽ ഹെൽത്ത് അതോറിറ്റി രൂപ കൽപന ചെയ്ത ഹെൽത്ത് ബെനഫിറ്റ് പാക്കേജ് പ്രകാരമാണ്. നിലവിൽ 1667 പാക്കേജുകളിൽ ഉള്ള സൗജന്യ ചികിത്സയാണ് ലഭ്യമാകുന്നത്. ഈ പാക്കേജിൽ ഉൾപ്പെടാത്ത ചികിത്സ അൺസ്പെസിഫൈഡ് പാക്കേജിൽ ഉൾപ്പെടുത്തിയും സൗജന്യമായി നൽകി വരുന്നു. പദ്ധതി പ്രകാരം ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്കാണ് ആനുകൂല്യം ലഭിക്കുക. കിടത്തി ചികിത്സ ആരംഭിക്കുന്നതിന് മുൻപുള്ള മൂന്ന് ദിവസത്തെ പരിശോധനകളും മരുന്നുകളും സൗജന്യമായിരിക്കും. ആശുപത്രിയിൽ അഡ്മിറ്റാ കുന്ന സമയത്തെ ചികിത്സയ്ക്കും മരുന്നുകൾക്കും പരിശോധനകൾക്കും ചിലവാകുന്ന മുഴുവൻ തുകയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. ഡിസ്ചാർജ്ജായതിന് ശേഷം പരമാവധി 15 ദിവസം വരെയുള്ള മരുന്നുകളും തീർത്തും സൗജന്യമാണ്. അലോപ്പതി ചികിത്സയ്ക്ക് മാത്രമേ നിലവിൽ ആനുകൂല്യം ലഭിക്കുകയുള്ളൂ. നിലവിലുള്ള രോഗങ്ങൾക്കും ആനുകൂല്യം ലഭിക്കും. കിടത്തി ചികിത്സിക്കുന്ന വേളയിൽ എക്സ്റേ, സ്കാനിംഗ് ഉൾപ്പെടെയുള്ള എല്ലാ പരിശോധനകളും സൗജന്യമായിരിക്കും . KASP പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമല്ലാത്ത അസുഖങ്ങൾ താഴെ പറയുന്നു. 1. ആശുപത്രിയിൽ കിടത്തി ചികിത്സ |

| | | | |
|---|---|---|---|
| | | | ആവശ്യമല്ലാത്ത അസുഖങ്ങൾ 2. വന്ധ്യതാ ചികിത്സ, വാക്സിനേഷൻ 3. ആത്മഹത്യ, സൗന്ദര്യ വർദ്ധക ചികിത്സകൾ. ഇതു കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാവർക്കും APL, BPL വ്യത്യാസമില്ലാതെ ഒറ്റത്തവണത്തേക്ക് 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ കാരുണ്യ ബെനവെലന്റ് ഫണ്ട് വഴി ലഭ്യമാകുന്നതാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിൽ നിന്നും കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയുടെ സേവനം ലഭ്യമാകുന്നതാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങൾക്കും മേൽ സൂചിപ്പിച്ച ഹെൽത്ത് ബെനഫിറ്റ് പാക്കേജ് പ്രകാരമാണ് ചികിത്സ ലഭ്യമാകുന്നത്. |

സെക്ഷൻ ഓഫീസർ